## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 83** **28.09.2011 -ൽ മറുപടിക്ക്**

## ശബരിമല ആരോഗ്യപാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ:<br>ശ്രീ.കെ.ശിവദാസൻ നായർ:<br>ശ്രീ.പാലോട് രവി:<br>ശ്രീ.ഡൊമനിക് പ്രസന്റേഷൻ: | ശ്രീ.അടൂർ പ്രകാശ്<br>ബഹു. ആരോഗ്യവും കയറും വകുപ്പുമന്ത്രി |
| (എ)ശബരിമലയിലെ അപകടങ്ങൾ നേരിടാനും ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും എന്തെല്ലാം നടപടികളാണ് ആരോഗ്യ വകുപ്പ് കൈക്കൊണ്ടിരിക്കുന്നത്; | (എ) ഡോക്ടർമാരുൾപ്പെടുന്ന 1200 ജീവനക്കാരെ ടേൺ അടിസ്ഥാനത്തിൽ ശബരിമല തീർത്ഥാടന സീസൺ മുഴുവനായും നിയമിക്കുന്നതാണ്. ഇതു കൂടാതെ ശബരിമല മാസ പൂജ സമയത്തും തീർത്ഥാടകർക്കായി പ്രത്യേക ആരോഗ്യ സംരക്ഷണ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കാർഡിയാക് ഐ.സി.യു കെയർ സെന്റർ , ഓപ്പറേഷൻ തീയേറ്റർ സൗകര്യങ്ങൾ, മൊബൈൽ ക്ളിനിക്കുകൾ, ഓക്സിജൻ പാർലറുകൾ, റെഫറൽ ട്രാൻസ്പോർട്ട് സംവിധാനങ്ങൾ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ (എച്ച്1 എൻ 1 പനി),(കൊതുകു ജന്യരോഗങ്ങൾ, ജലജന്യരോഗങ്ങൾ) കൊതുകുനിയന്ത്രണം മുതലായ ആരോഗ്യ സംരക്ഷണ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. സന്നിധാനത്ത് ഈ സീസൺകാലത്ത് ഒരു ആധുനിക ഓപ്പറേഷൻ തീയറ്റർ പ്രവർത്തി പ്പിക്കുന്നതും അവിടെ സർജൻമാരുടെയും അനസ്തെറ്റിസ്റ്റുമാരുടെയും സേവനം അടിയന്തിര ശസ്ത്രക്രിയകൾ നടത്തുന്നതിന് വേണ്ടി |

| | |
|---|---|
| | സീസണിൽ നിയമിക്കുന്നതാണ്. സന്നിധാനം, നീലിമല, അപ്പാച്ചിമേട്, പമ്പ എന്നിവിടങ്ങളിൽ കാർഡിയോളജിസ്റ്റുകളുടെ സേവനം ലഭ്യമാക്കുന്നതാണ്. എല്ലാ സജ്ജീകരണങ്ങളോടും കൂടിയ കാർഡിയാക് ഐ.സി.യു സംവിധാനം സന്നിധാനം, പമ്പ, പത്തനംതിട്ട, ജനറൽ ആശുപത്രി, സി.എച്ച്.സി. , എരുമേലി , താലൂക്ക് ആശുപത്രി കാഞ്ഞിരപ്പള്ളി തുടങ്ങിയ കേന്ദ്രങ്ങളിൽ സീസൺ സമയത്ത് സജ്ജമാക്കുന്നതാണ്. ഇതു കൂടാതെ പത്തനംതിട്ട ജനറൽ ആശുപത്രി, അടൂർ ഗവൺമെന്റ് ആശുപത്രി തുടങ്ങിയ കേന്ദ്രങ്ങളിൽ ട്രോമാ കെയർ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഇതു കൂടാതെ നാല് മൊബൈൽ ഡിസ്പൻസറികളും ഈ മേഖലയിൽ പ്രവർത്തിപ്പിക്കുന്നതാണ്. 16 സ്ഥലങ്ങളിലായി ഓക്സിജൻ പാർലറുകൾ സജ്ജമാക്കുന്നതാണ്.<br>വിദഗ്ദ്ധ ചികിത്സ ആവശ്യമുള്ള രോഗികൾക്ക് സൗജന്യമായി റഫറൽ ട്രാൻസ്പോർട്ട് സർവ്വീസ്, ആമ്പുലൻസ് സൗകര്യങ്ങൾ വിവിധ കേന്ദ്രങ്ങളിൽ ഏർപ്പെടുത്തുന്നതാണ്. |

| | |
|---|---|
| (ബി) ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു ആരോഗ്യ പാക്കേജ് തയ്യാറാക്കി കേന്ദ്രഗവൺ മെന്റിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശ ങ്ങൾ വെളിപ്പെടുത്തുമോ; | (ബി)ഉണ്ട്. ശബരിമലയ്ക്കടുത്തു സ്ഥിതി ചെയ്യുന്ന ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പത്തനം തിട്ടയിൽ ഒരു മെഡിക്കൽ കോളേജ് തുടങ്ങുന്നതിനുമാണ് 30.07.2011–ന് ബഹു. കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രിക്ക് അയച്ച നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്. |
| (സി) എത്രകോടി രൂപയ്ക്കാണ് പാക്കേജ് സമർപ്പിച്ചിട്ടുളളത്; | (സി) 300 കോടി രൂപയുടെ പാക്കേജാണ് സമർപ്പിച്ചിരിക്കുന്നത്. |
| (ഡി) ഈ പാക്കേജിനെക്കുറിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാട് സംസ്ഥാന സർക്കാരിനെ അറിയി ച്ചുവോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി)ഇതുവരെ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ